വർക്കുഷോപ്പുകളിലും കഴിഞ്ഞ 15 വർഷത്തിലേറെയായി ജോലി നോക്കുന്ന 88 കാഷ്വൽ ജീവനക്കാരെ ഗാരേജ് മസ്ദൂർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമിക്കപ്പെട്ട ഡ്രൈവർമാർ

128 (832) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യിൽ 2000 ഡിസംബർ 31-ലെ കണക്കനുസരിച്ച് എത്ര ഡ്രൈവർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമിച്ചവരായുണ്ടായിരുന്നു ;

(ബി) ഇവരിൽ നിന്നും സെക്യൂരിറ്റി ഇനത്തിൽ എന്തു തുക വീതം വാങ്ങിയിരുന്നു;

(സി) ഇവരെ പിരിച്ചുവിടാൻ 2001 ജനുവരി 10-ാം തീയതിക്കുമുമ്പ് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നുവോ ;

(ഡി) എങ്കിൽ അതനുസരിച്ച് അവരെ പിരിച്ചുവിട്ടുവോ ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഇവരിൽ നിന്നും വാങ്ങിയ സെക്യൂരിറ്റി തുക തിരിച്ചു നൽകുന്നതിന് ഒട്ടാകെ എന്തു തുക ആവശ്യമായി വരും ?

ഉത്തരം

(എ) 3,029 ഡ്രൈവർമാർ.

(ബി) 3000 രൂപ വീതം.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) 90,87,000 രൂപ വേണ്ടി വരും.

വാഹനങ്ങളുടെ സ്ഥിതിവിവരകണക്ക്

129 (834) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാഹന സംഖ്യയിലുണ്ടായിട്ടുള്ള വർദ്ധനവു സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര സ്വകാര്യ ബസുകൾ എത്ര റൂട്ടുകളിൽ സർവ്വീസ് നടത്തുന്നു എന്നതിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ ടൂറിസ്റ്റ് ടാക്സികളുടെയും, ടാക്സികളുടെയും, ഓട്ടോറിക്ഷകളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ വാഹന സംഖ്യാ വർദ്ധനവിനാനുപാതികമായി മോട്ടോർ വാഹനവകുപ്പ് വികസിപ്പിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) കഴിഞ്ഞ 5 വർഷക്കാലത്ത് സംസ്ഥാനത്തെ വാഹന സംഖ്യയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് സംബന്ധിച്ച സ്ഥിതി വിവരകണക്ക് താഴെ ചേർക്കുന്നു.

വർഷം	തൻവർഷം മാർച്ച് 31-ാം തീയതി വാഹന രജിസ്റ്റർപ്രകാരം നിലവിലുണ്ടായിരുന്ന വാഹനങ്ങളുടെ എണ്ണം
1995-96	11,70,241
1996-97	13,57,825
1997-98	15,08,038
1998-99	17,08,938
1999-2000	19,10,237

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി)

ജില്ല	ടൂറിസ്റ്റ് ടാക്സി/ടാക്സി 31-3-2000-ലെ കണക്ക്	ഓട്ടോറിക്ഷകൾ 31-3-2000- ലെ കണക്ക്
തിരുവനന്തപുരം	6,926	23,670
കൊല്ലം	3,635	18,196
പത്തനംതിട്ട	6,530	9,858
ആലപ്പുഴ	2,586	10,895
കോട്ടയം	5,195	23,565
ഇടുക്കി	859	3,397
എറണാകുളം	6,943	27,541
തൃശൂർ	8,981	22,946
പാലക്കാട്	5,047	12,038
മലപ്പുറം	11,463	29,150
കോഴിക്കോട്	5,099	16,306
വയനാട്	2,076	4,718
കണ്ണൂർ	4,982	16,049
കാസർഗോഡ്	1,259	9,566
ആകെ	71,581	2,27,895

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ വാഹന സംഖ്യാ വർദ്ധനവിനാനുപാതികമായി ഗതാഗത രംഗത്തെ കാലോചിതമാക്കുവാനും പരിഷ്ക്കരിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ വളരെ പ്രാധാന്യത്തോടെ കൈക്കൊണ്ടുവരുന്നു. മോട്ടോർ വാഹന വകുപ്പിൽ കമ്പ്യൂട്ടർ വൽക്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇത് പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സഹായിക്കും. വാഹനങ്ങളുടെ സംഖ്യാ വർദ്ധനവ് കണക്കിലെടുത്ത് പുതിയ 3 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 5 എൻഫോഴ്സ്മെന്റ് സ്കാഡുകൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ലോറികളുടെ ഭാരം നിമിത്തം വയനാട് ചുരം റോഡ് തകരുന്ന സംഭവം

130 (836) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ചുരം റോഡിൽ ചരക്ക് വാഹനങ്ങളുടെ ഭാരം എത്രയാണ് നിജപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ ;

(ബി) മൾട്ടി ആക്സിൽ ലോറികളുടെ മിഡിൽ ആക്സിൽ മാത്രം ലൈവ് ആക്കുകയും മറ്റുള്ളത് ഡെഡ് ആകുകയും ചെയ്യുന്നതിനാൽ ചുരം റോഡ് തകരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരളത്തിലെ ലോറികൾ പ്രത്യേകിച്ച് മൾട്ടി ആക്സിൽ ലോറികൾ നാഗാലാന്റ്, ഹരിയാന സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തു കേരള മോട്ടോർ വെഹിക്കിൾ ടാക്സ് വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നാഗാലാന്റ്, ഹരിയാന സംസ്ഥാനങ്ങളിൽ മോട്ടോർ വാഹന നിയമത്തിന് വിപരീതമായി 40 ടൺ പെർമിറ്റ് കൊടുക്കുന്നതിനെതിരെ വാഹന വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) മൾട്ടി ആക്സിൽ ലോറികളുടെ മിഡിൽ ആക്സിൽ മാത്രം ലൈവ് ആകുകയും മറ്റുള്ളത് ഡെഡ് ആകുകയും ചെയ്യുന്നതിനാൽ ചുരം റോഡ് തകരുന്നതിന് സാദ്ധ്യതയുണ്ട്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) നാഗാലാന്റ്, ഹരിയാന സംസ്ഥാനങ്ങളിൽ മോട്ടോർ വാഹന നിയമത്തിനു വിപരീതമായി 40 ടൺ പെർമിറ്റ് കൊടുക്കുന്നതിനെതിരെ ഇപ്പോൾ നിലവിലുള്ള മോട്ടോർ വാഹന നിയമം അനുസരിച്ച് നടപടികൾ എടുക്കാൻ സാദ്ധ്യമാകുന്നില്ല. 25 ടണ്ണിൽ കൂടുതൽ ഭാരം കയറ്റിവരുന്ന ലോറികൾ കേരളത്തിലേക്ക് കടത്തി വിടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly